## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1234

03 .12.2015-ൽ
മറുപടിയ്ക്ക്

# 'വയനാട് ജില്ലയിലെ റവന്യൂ അദാലത്ത്'

**ചോദ്യം**
ശ്രീ. എം. വി. ശ്രേയാംസ് കുമാർ

**മറുപടി**
ശ്രീ. അടൂർ പ്രകാശ്
റവന്യൂവും കയറും വകുപ്പ് മന്ത്രി

(എ) വയനാട് ജില്ലയിൽ നടത്തിയ റവന്യൂ അദാലത്തിൽ എത്ര പരാതികളാണ് ലഭിച്ചതെന്നുള്ളതിന്റെ താലൂക്ക് തലത്തിലുള്ള വിശദാംശം ലഭ്യമാക്കുമോ;

(എ) വയനാട് ജില്ലയിൽ നടത്തിയ റവന്യൂ അദാലത്തിൽ ലഭിച്ച പരാതികളുടെ താലൂക്ക് തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു:-

സുൽത്താൻ ബത്തേരി താലൂക്ക് :- 622
മാനന്തവാടി താലൂക്ക് :- 356
വൈത്തിരി താലൂക്ക് :- 970

(ബി) ഇതിൽ എത്ര പരാതികളിൽ തൽസമയ പരിഹാരം ഉണ്ടാക്കാൻ സാധിച്ചെന്ന് വ്യക്തമാക്കുമോ;

(ബി) നാളിതുവരെ വൈത്തിരി താലൂക്കിൽ 622 അപേക്ഷകളും, സുൽത്താൻ ബത്തേരി താലൂക്കിൽ 533 അപേക്ഷകളും മാനന്തവാടി താലൂക്കിൽ 313 അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ട്.

(സി) ഇനി തീർപ്പുകൽപ്പിക്കാനുള്ള പരാതികൾ എത്രയെന്നും തീർപ്പുകൽപ്പിക്കുന്നതിനുള്ള കാലതാമസം എന്താണെന്നും വ്യക്തമാക്കുമോ ?

(സി) വൈത്തിരി താലൂക്കിൽ 348 അപേക്ഷകളും ബത്തേരി താലൂക്കിൽ 89 അപേക്ഷകളും, മാനന്തവാടി താലൂക്കിൽ 43 അപേക്ഷകളും തീർപ്പാക്കാൻ ബാക്കിയുണ്ട്. ഇവയിൽ എല്ലാ അപേക്ഷകളിന്മേലും നടപടി തുടർന്നു വരുന്നു. പട്ടയ വിതരണം, അതിർത്തി നിർണ്ണയം, സബ്ഡിവിഷൻ തുടങ്ങിയ കേസുകളിൽ ഉള്ള സാങ്കേതിക കാരണങ്ങളാണ് പരാതികൾ തീർപ്പു കൽപ്പിക്കുന്നതിനുള്ള കാലതാമസത്തിനു കാരണം.

സെക്ഷൻ ഓഫീസർ